പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2310 13.02.2013 -ലെ മറുപടി

കണിയാപുരം, ആറ്റിങ്ങൽ, കിളിമാനൂർ, വെഞ്ഞാറമൂട് സബ് ഡിപ്പോകൾ ഓപ്പറേറ്റ് ചെയ്ത ഷെഡ്യൂളുകൾ

ചോദ്യം

ശ്രീ. വി. ശശി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കണിയാപുരം, ആറ്റിങ്ങൽ, കിളിമാനൂർ, വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി സബ് ഡിപ്പോകളിൽ നിന്നും 2012 ഡിസംബർ മാസത്തിൽ ഓരോ ദിവസവും ഓപ്പറേറ്റ് ചെയ്ത ഷെഡ്യൂളുകളുടെ എണ്ണം ലഭ്യമാക്കുമോ ; | (എ) | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) | 2013 ജനുവരി മാസത്തിൽ പ്രസ്തുത ഡിപ്പോകളിൽ നിന്നും ഓരോ ദിവസവും ഓപ്പറേറ്റ് ചെയ്ത ഷെഡ്യൂളുകളുടെ എണ്ണം ലഭ്യമാക്കുമോ ; | (ബി) | അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |
| (സി) | 2013 ജനുവരി മാസത്തിൽ ഷെഡ്യൂളുകളുടെ എണ്ണം കുറവ് ചെയ്തിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാമെന്ന് ഡിപ്പോ തിരിച്ച് വ്യക്തമാക്കുമോ ; | (സി) | 2013 ജനുവരി മാസത്തിൽ ഷെഡ്യൂളുകളുടെ എണ്ണം കുറവ് ചെയ്തിട്ടില്ല. എന്നാൽ ശബരിമല മകരവിളക്ക് മഹോൽസവത്തിന് ബസ്സുകൾ അയക്കേണ്ടി വന്നതിനാലും ഡ്രൈവർമാരുടെ കുറവ് കാരണവും ചില ദിവസങ്ങളിൽ ചില ഷെഡ്യൂളുകൾ നടത്തുവാൻ കഴിഞ്ഞിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ആറ്റിങ്ങൽ നിന്ന് ആരംഭിച്ച് ചിറയിൻകീഴ് വഴി പരവൂരിലേക്കും തിരിച്ച് തിരുവനന്തപുരത്തേയ്ക്കും സർവ്വീസ് നടത്തിയിരുന്ന ഫാസ്റ്റ് പാസ്സഞ്ചർ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; | (ഡി) | ആറ്റിങ്ങൽ നിന്ന് ആരംഭിച്ച് ചിറയിൻകീഴ് വഴി പരവൂരിലേക്കും തിരിച്ച് തിരുവനന്തപുരത്തേയ്ക്കും സർവ്വീസ് നടത്തിയിരുന്ന ഫാസ്റ്റ് പാസ്സഞ്ചർ ബസ് വരുമാനക്കുറവ് മൂലം നിർത്തിവച്ചിരിക്കുകയാണ്. ടി സർവ്വീസ് പുനഃരാരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | 2013 ജനുവരി മാസത്തിൽ സർവ്വീസുകൾ നിർത്തലാക്കാൻ കാരണമെന്താണ് ; ഇതുമൂലമുണ്ടായ യാത്രാ ക്ലേശം പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഇ) | സി പിരിവിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്